**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1659** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കാസർഗോഡ് - മംഗലാപുരം റൂട്ടിൽ കൂടുതൽ ബസ് സർവീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് - മംഗലാപുരം അന്തർസംസ്ഥാന ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുഭവപ്പെടുന്ന കടുത്ത തിരക്ക് കാരണം പൊതുജനങ്ങളും വിദ്യാർത്ഥികളും യാത്രാക്ലേശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** പ്രസ്തുത റൂട്ടിൽ യാത്രക്കാരുടെ വർദ്ധനവിന് ആനുപാതികമായി രാവിലെയും വൈകുന്നേരവുമുള്ള തിരക്കേറിയ സമയങ്ങളിൽ (Peak hours) കൂടുതൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കാസർഗോഡ് - മംഗലാപുരം റൂട്ടിൽ രാവിലെയും വൈകുന്നേരവുമുള്ള തിരക്കേറിയ സമയങ്ങളിൽ കോർപ്പറേഷന് അനുവദനീയമായ സമയക്രമങ്ങളിൽ യാത്രാവശ്യം പരിശോധിച്ച് ആവശ്യമായ ലിമിറ്റഡ് ഫാസ്റ്റ് സർവീസുകളും അധിക ട്രിപ്പുകളും ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(സി)** പ്രസ്തുത റൂട്ടിലെ യാത്രാക്ലേശത്തിന് പരിഹാരമായി പുതിയ ബസ്സുകൾ അനുവദിക്കുന്നതിനോ നിലവിലെ സർവീസുകളുടെ ട്രിപ്പുകൾ പുനഃക്രമീകരിച്ച് അധിക സർവീസുകൾ ഓടിക്കുന്നതിനോ ഉള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**